**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1391** **08-12-2022 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ ഇരുമ്പു പാലം പുനർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീമതി.ഉമ തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തൃപ്പൂണിത്തുറ - തൃക്കാക്കര മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം പുനർ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | തൃപ്പൂണിത്തുറ, തൃക്കാക്കര നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം പുനർനിർമ്മിക്കുന്നതിന് 30കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിന് മുമ്പ് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കേണ്ട തുണ്ട്. |
| (ബി) | പ്രസ്തുത നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതിക്കായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ തീരുമാനമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി എസ്റ്റിമേറ്റിന് അംഗീകാരം നൽകി, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തി ആരംഭിക്കാൻ സാധിക്കും. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 2 വർഷമാണ്. |
| (സി) | പ്രസ്തുത പാലത്തിന്റെ പുനർ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എത്ര കാലത്തിനകം പണി പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ